# അല്പം കാര്യങ്ങളിലെ വിശ്വസ്തതയാണ് ദൈവം നോക്കുന്നത്.

സാക് പുന്നൻ

WFTW 30 ജൂൺ 2012

1 രാജാക്കന്മാർ 19:1921 വാക്യങ്ങളിൽ ഏലിയാവ് എലീശയെ വിളിക്കുന്നത് നാം വായിക്കുന്നു. ഏലിയാവ് വിളിക്കുമ്പോൾ എലീശ കാളകളെക്കൊണ്ട് വയൽ ഉഴുകുകയെന്ന കഠിനാദ്ധ്വാനത്തിൽ ഏർപ്പെട്ടിരിക്കുകയായിരുന്നു.

ശ്രദ്ധിക്കുക, ഒന്നാമതായി തങ്ങളുടെ ജോലിയിൽ കഠിനാദ്ധ്വാനികളും വിശ്വസ്തരും ആയ ആളുകളെയാണ് വിളിക്കുന്നത്.. വിശ്വസ്തതയോടെ തൻറെ അമ്മായിയപ്പൻറെ ആടുകളെ മേയിച്ചുകൊണ്ടിരുന്ന സമയത്താണ് ദൈവം മോശയെ വിളിച്ചത്. സിംഹത്തേയും കരടിയേയും നേരിട്ട് തൻറെ ആടുകളെ പരിപാലിച്ചുകൊണ്ടിരിക്കുമ്പോഴാണ് ദൈവം ദാവീദിനെ വിളിക്കുന്നത്. ആമോസ് കഠിനാദ്ധ്വാനിയായി കന്നുകാലികളെ നോക്കുന്നവനായിരുന്നു. പത്രോസും, യാക്കോബും, യോഹന്നാനും, അന്ത്രയോസും കഠിനാദ്ധ്വാനികളായ മീൻ പിടുത്തക്കാർ ആയിരുന്നു. മത്തായി തൻറെ ജോലിസ്ഥലത്ത് കണക്കെഴുതിക്കൊണ്ടിരിക്കുകയായിരുന്നു. പഴയ നിയമത്തിലോ പുതിയ നിയമത്തിലോ അലസനായൊരു മനുഷ്യനെ ദൈവം തൻറെ വേലക്കായി വിളിച്ചതായി നാം കാണുന്നില്ല.

എലീശ വീട്ടിൽ കിടന്നുറങ്ങുമ്പോഴല്ല ഏലിയാവ് വിളിക്കുന്നത്.. അങ്ങനെ ചെയ്തിരുന്നെങ്കിൽ ഏലിയാവ് ഒരു അലസനായ മനുഷ്യനാണെന്നു നാം കരുതിയേനെ. പത്രോസിനെ യേശു ഒരു വൈകുന്നേരം വീട്ടിൽ പോയിയല്ല വിളിച്ചത്. അവൻ മീൻപിടുത്തത്തിൽ ഏർപ്പെട്ടിരിക്കുമ്പോഴാണ് യേശു അവനെ വിളിക്കുന്നത്.. ദൈവ വേലക്കായി നമ്മെ വിളിക്കുന്നതിനു മുമ്പ് നമ്മുടെ ജോലിയിൽ നാം വിശ്വസ്തരും കഠിനാദ്ധ്വാനികളും ആയിരിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു എന്നാണ് ഈ ഉദാഹരണങ്ങൾ നമ്മെ കാണിക്കുന്നത്. ഭൗതീക കാര്യങ്ങളിൽ നിങ്ങൾ വിശ്വസ്തർ അല്ലെങ്കിൽ പിന്നെ ആത്മീയ കാര്യങ്ങളിൽ എങ്ങനെ വിസ്വസ്തരാകും?. നിങ്ങൾ ചെറുപ്പവും ഭവനത്തിൽ തന്നെ താമസിക്കുന്ന ആളുമാണെങ്കിൽ വീട്ടിൽ വിശ്വസ്തനായൊരു മകനോ മകളോ ആയിരിക്കുക.

രണ്ടാമതായി ശ്രദ്ധിക്കുക; ഈ ആളുകളെല്ലാം ദൈവം വിളിച്ചയുടൻ എല്ലാം ഉപേക്ഷിച്ചാണ് ചെന്നത്. അത് പത്രോസിലും യോഹന്നാനിലും മത്തായിയിലും അതുപോലെ എലീശയിലും നാം കാണുന്നു. പൂർണ്ണ ഹൃദയത്തോടെ ഉടനെതന്നെ പ്രതികരിക്കുന്നവരെയാണ് ദൈവം വിളിക്കുന്നത്...

ഒരു പക്ഷെ ദൈവത്തിൻറെ വിളി തങ്ങളുടെ തോന്നലുകളിൽ നിന്നുണ്ടായ ഒന്നല്ല എന്ന് ഉറപ്പാക്കുന്നതിന് അവർ കാത്തു നിന്നേക്കാം. എന്നാൽ ഉറപ്പു ലഭിച്ചാൽ ഉടനെ അവർ പ്രവർത്തിക്കുന്നു. അങ്ങനെയുള്ളവരെ മാത്രമേ ദൈവത്തിന് തന്റെ വേലക്കായി ഉപയോഗിക്കാൻ സാധിക്കുകയുള്ളൂ. കാരണം അവിടുത്തെ വേലയിൽ പെട്ടന്നുള്ള അനുസരണവും പൂർണ്ണ സമർപ്പണവും കഠിനാദ്ധ്വാനവും വളരെ ആവശ്യമുണ്ട്.

ദൈവം നമ്മുടെ സാധാരണ തൊഴിലിനെ പരിശോധിച്ച് നാം അതിൽ വിശ്വസ്തരാണോ എന്ന് നോക്കുന്നു.ഒരു മുറി വൃത്തിയാക്കുവാൻ നിങ്ങളോട് ആവശ്യപ്പെട്ടു എന്നിരിക്കട്ടെ, അത് നിങ്ങൾ വൃത്തിയായി ചെയ്യാതെ ഒട്ടും ഉത്തരവാദിത്വമില്ലാതെയാണ് ചെയ്യുന്നതെങ്കിൽ ദൈവം നിങ്ങളെ അവിടുത്തെ വേലക്കായി വിളിക്കുമോ എന്ന് ഞാൻ സംശയിക്കുന്നു. കാരണം ആ മുറി എങ്ങനെയാണോ വൃത്തിയാക്കിയത് അതുപോലെയായിരിക്കും നിങ്ങൾ നിങ്ങളുടെ ഹൃദയവും വൃത്തിയാക്കുന്നത്. അപ്പോൾ പിന്നെ എങ്ങനെ ദൈവത്തിനു നിങ്ങളെ അവിടുത്തെ സഭ ശുദ്ധീകരിക്കുന്ന വേലയിൽ ഉപയോഗിക്കുവാൻ സാധിക്കും? അല്പകാര്യങ്ങളിലെ വിശ്വസ്തതയാണ് ദൈവം അന്വേഷിക്കുന്നത്.

(മൊഴിമാറ്റം: സാജു ജോസഫ്, ആലപ്പുഴ)